# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ.ഗേൾസ് ഹൈസ്ക്കൂൾ

## ഇരിങ്ങാലക്കുട

## 2025 - 26

# കരുതലിൻ കയ്യൊപ്പ്

# ചരിത്രം

കൊച്ചി മഹാരാജാവ് 1891ൽ നൽകിയ ഉത്തരവ് പ്രകാരം ഇരിങ്ങാലക്കുട ടൗണിൽ നിന്നും തെക്കുമാറി ചെട്ടിപ്പറമ്പ് എന്ന ഗ്രാമത്തിൽ 56 കുട്ടികളുമായി തുടങ്ങിയ ബാലിക പാഠശാല (അന്നത്തെ സ്കൂളിന്റെ പേര്) യാണ് ഇന്ന് നാം കാണുന്ന ഇരിങ്ങാലക്കുട ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ. ഇന്ന് പടർന്നു പന്തലിച്ച് ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ കുതിപ്പിന് എന്നും വഴികാട്ടിയായി ഈ വിദ്യാലയം നിലകൊള്ളുന്നു. ഒട്ടേറെ പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികളാൽ സമ്പന്നമാണ് ഈ വിദ്യാ ലയത്തിന്റെ മഹിമ. എല്ലാ മേഖലകളിലും തനതായ കയ്യൊപ്പ് ചാർത്തുവാൻ ഈ വിദ്യാല യത്തിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥിനികൾക്ക് സാധിക്കുന്നുണ്ട് എന്നത് ഏറെ അഭിമാനകരമായ കാര്യമാണ്.

# ആമുഖം

ഒരു സമൂഹത്തിന്റെ ഉയർച്ചയിൽ വിദ്യാഭ്യാസത്തിന് പ്രഥമ സ്ഥാനമുണ്ട്, അതുകൊണ്ട് തന്നെ നമ്മുടെ വിദ്യാർത്ഥികളെ നല്ല പൗരന്മാരായി വളർത്തുന്ന പ്രക്രിയയിൽ നമ്മുടെ വിദ്യാലയങ്ങൾക്ക് പ്രധാന പങ്ക് നിർവ്വഹിക്കാൻ കഴിയും. ഓരോ വിദ്യാർത്ഥിയെയും മന സ്സിലാക്കിക്കൊണ്ടും വേണം നാം നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരേണ്ടത്.

സമൂഹത്തിന്റെ സാംസ്ക്കാരികമായ ശാക്തീകരണം ആയാണ് വിദ്യാഭ്യാസം നിർവ്വചിക്ക പ്പെടുന്നത്, 'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിൽ നിന്നും നാം 'എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം' എന്ന ഉന്നതമായ കാഴ്ചപ്പാടിലേക്ക് എത്തി നിൽക്കുക യാണ്.

ലക്ഷ്യത്തിലെത്താൻ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതോടൊപ്പം തന്നെ നാം ഉയർന്ന അക്കാദമിക മികവിനുള്ള വ്യത്യസ്തമായ പദ്ധതികൾ കൂടി തയ്യാറാക്കേണ്ടതുണ്ട്. ഒരു വിദ്യാർത്ഥിക്ക് തന്റെ കഴിവിനും മികവിനുള്ള വ്യത്യസ്തമായ പദ്ധതികൾ കൂടി തയ്യാറാ ക്കേണ്ടതുണ്ട്. ഒരു വിദ്യാർത്ഥിക്ക് തന്റെ കഴിവിനും അഭിരുചിക്കും അനുസൃതമായി വള രുവാനുള്ള അക്കാദമിക പിന്തുണയാണ് നാം ഒരുക്കി കൊടുക്കേണ്ടത്. ഇതോടൊപ്പം തന്നെ പരിസ്ഥിതി സംരക്ഷണം, വ്യക്തി ശുചിത്വം, പരിസരശുചിത്വം, ലിംഗസമത്വം, മത നിരപേക്ഷത, ജനാധിപത്യബോധം, ശാസ്ത്രബോധം തുടങ്ങിയ മൂല്യങ്ങളെ കുറിച്ചുള്ള ധാരണയും കട്ടിയിൽ വളർന്നുവരേണ്ടതുണ്ട്.

ആധുനികബോധനശാസ്ത്രങ്ങളിൽ ഊന്നിക്കൊണ്ടുള്ള പഠന സമീപനങ്ങൾ രൂപപ്പെ ടുത്തി അതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നമുക്ക് മുന്നേറാൻ സാധിക്കണം. വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രക്രിയാ ബന്ധിതവും ആയ പ്രവർത്തനങ്ങളാണ് നാം മുന്നോട്ട് വെക്കേണ്ടത്. സ്വതന്ത്ര ചിന്താഗതി വളർതതുന്നതും വിമർശനാത്മക വിശകലനത്തിന് പ്രാപ്തമാക്കുന്നതുമായ ചിന്താശേഷി വളർത്തുന്ന രീതി യിൽ നമ്മുടെ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്. മാറിവരുന്ന ലോകക്രമ ങ്ങളെ ശാസ്ത്രബോധത്തിൽ ഊന്നിക്കൊണ്ട് പരിശോധിക്കാൻ പഠിതാക്കൾ പ്രാപ്തരാകേ ണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നാം ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

2025 - 2026 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ ഈ വർഷത്തെ ആദ്യത്തെ സ്കൂൾ S R G മീറ്റിംഗിൽ വച്ച് ശ്രീമതി. സുഷ ടീച്ചറുടെ അധ്യക്ഷതയിൽ വച്ച് നടന്ന സംഘചർച്ചയിൽ രൂപീകരിച്ചു. യോഗം ഗുണതാ സൂചകങ്ങൾ പരിഗണിച്ച് വിദ്യാലയ ത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു കഴിഞ്ഞ വർഷത്തെ മാസ്റ്റർപ്ലാൻ അവലോകനം നടത്തിയതിനുശേഷം വിഷയാടിസ്ഥാനത്തിൽ നിശ്ചിത ഫോർമാറ്റിൽ ഈ വർഷത്തെ പദ്ധതിയുടെ കരട് മെച്ചപ്പെടുത്തി എഴുതി തയ്യാറാക്കിയ നിർദ്ദേശങ്ങൾ പൊതുവായി അവതരിപ്പിച്ചു.

ഓരോ അവതരണത്തിനു ശേഷവും ചർച്ചചെയ്ത് കൂട്ടിച്ചേർക്കൽ നടത്തി സമ്പുഷ്ടമാക്കി.

# മലയാളം - ഹൈസ്കൂൾ

## ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസ മായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നോ ക്കാവസ്ഥ പരിഹരി ക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യനിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | • ജൂൺ, ജൂലൈ മാസം<br>• അക്കാദമിക വർഷം മുഴുവൻ |
| 2) വായന പരിപോശിപ്പി ക്കൽ | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരി ക്കൽ<br>• ക്ലാസ്സ് ലൈബ്രറി നവീകരി ക്കൽ<br>• ക്ലാസ്സ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• വായനോത്സവം<br>• ജന്മദിന പുസ്തകം<br>• പത്രവായന | • ജൂൺ, ജൂലൈ മാസം<br>• ആവശ്യമനുസരിച്ച്<br>• അക്കാദമിക വർഷം മുഴുവൻ |
| 3) സർഗ്ഗാത്മകശേഷി വികസനം | • പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം.<br>• സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ<br>• വായനാനുഭവം പങ്കുവെ യ്ക്കൽ<br>• കഥ, കവിത - രചന<br>• കവിതാലാപന മത്സരം<br>• പുസ്തകചർച്ച<br>• പുസ്തകാസ്വാദനം | • മാസത്തിൽ ഒരിക്കൽ<br>• വർഷത്തിൽ ഒരിക്കൽ |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 4) പത്രവായന പരിപോഷിപ്പിക്കുക | • പത്രവായന<br>• ഓരോ ക്ലാസ്സിലും ഓരോ പത്രം<br>• രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>• പത്രക്വിസ് | • ദിവസേന<br>• ആഴ്ചയിൽ ഒരു ദിവസം |
| 5) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | • വിവിധവിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>• മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുക<br>• പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | • മാസത്തിൽ ഒരിക്കൽ |

# മലയാളം - യു. പി

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| 1) മലയാള ഭാഷയിൽ പദ സമ്പത്ത് വളർതതുവാനും ആശയസംവേദനം നടത്തുവാനും പഠിതാക്കളെ പ്രാപ്തരാക്കുക. ഭാഷയുടെ അടിസ്ഥാനശേഷി വികസനം | • **അവധിക്കാല അനുഭവങ്ങൾ** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു.<br>• **ഭാഷാകേളി** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br>• **വാക്യനിർമ്മാണം** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം | • ജൂൺ മാസം<br>• ജൂൺ മാസം<br>• ജൂൺ മാസം |
| 2) അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | • **വാർത്താലോകം** പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | • എല്ലാ ദിവസവും |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | • **സംവാദം/മുഖാമുഖം** തദ്ദേശീയരായ സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം സംഘടിപ്പിക്കുന്നു. | • അക്കാദമിക വർഷം |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ | • **രംഗാവിഷ്ക്കാരം** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | • അക്കാദമിക വർഷം |
| 5) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | • വിവിധവിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കി അവ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുക | • അക്കാദമിക വർഷം |

# സംസ്കൃതം - യു. പി

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1) പ്രകൃതി ചിത്രണം | • പ്രകൃതിയെ വരയ്ക്കൽ<br>• ഡിവിഷൻതല വായനാ മത്സരം നടത്തൽ | 05/06/2025 |
| 2) വാചനം സംസ്കൃതം | • ക്ലാസ്സ് തല വായനാ മത്സരം നട ത്തൽ<br>• സ്കൂൾതല വായനാ മത്സരം നടത്തൽ | 19/06/25 - 23/06/25 |
| 3) സുഖദം വ്യായാമം | • യോഗപരിശീലന ക്ലാസ്സ്<br>• സംസ്കൃത സഭ | ജൂലൈ രണ്ടാംവാരം |
| 4) സംസ്കൃത ദിനാച രണം | • വിവിധ മത്സരങ്ങൾ സംഘടിപ്പി യ്ക്കൽ<br>• സംസ്കൃതയാത്ര<br>• ഔഷധ സസ്യപ്രദർശിനി | 7/8/2025 – 30/8/2025 |
| 5) സ്വതന്ത്രതാ സ്മരണ | • സ്വാതന്ത്ര്യം - വീഡിയോ പ്രദർശനം | 15/08/25 |
| 6) രമ്യം നാടകം | • നാടകക്യാമ്പ് | സെപ്തംബർ നാലാം വാരം |
| 7) കലാപൈതൃകം | • കൂടിയാട്ടം സോദാഹരണക്ലാസ്സ് | ഒക്ടോബർ രണ്ടാം വാരം |
| 8) സാങ്കേതിക സംസ്കൃതം | • ഡിജിറ്റൽ മാഗസിൻ പ്രകാശനം | നവംബർ നാലാംവാരം |
| 9) സംഭാഷണശിബിരം | • സംസ്കൃത സംഭാഷണപരിശീ ലന ക്യാമ്പ് | ഡിസംബർ |
| 10) ക്രീഡാ സംസ്കൃതം | • സംസ്കൃത പഠനത്തിനുതകുന്ന കളികൾ | ഒരു വർഷം |
| 11) സംഗീതസഭ | • സംസ്കൃതഗാന പരിശീലനം | രണ്ടാഴ്ചയിൽ ഒരു തവണ |

# ഇംഗ്ലീഷ് - ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | • സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്<br>• ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>• ഇംഗ്ലീഷ് കോർണർ സ്റ്റോറി ടൈം<br>• ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br>• ഇംഗ്ലീഷ് അസ്സംബ്ലി | • അവധിക്കാലം/ ശനിയാഴ്ചകൾ |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | • സിനിമ, ഡോക്യുമെന്ററി, പ്രൊഫൈൽ & സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>• റോൾ പ്ലേ, ഇംഗ്ലീഷ് ഡേ ആചരണം, സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്ക്കാരം നടത്തുന്നു | • ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>• അക്കാദമിക വർഷം |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | • സ്കൂൾ ഇംഗ്ലീഷ് വോയ്സ്, അക്ഷര കാർഡ്, പദകാർഡ്, വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ<br>• ചിത്രവായന, ലഘുകഥ നിർമ്മാണം, പബ്ലിക് സ്പീകിംങ്ങ് , സിംപ്ലി ഗെയിം, ഇംഗ്ലിഷ് പത്ര വായന, പദസമ്പാദനം, പത്ര വാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, ന്യൂസ് റിഡിംഗ് കോംപറ്റീഷൻസ്, | • ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>• ക്ലാസ് റൂം പ്രവർത്തനങ്ങൾ അസംബ്ലി |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 4) നാടകീകരണം | • ഇംഗ്ലീഷ് അസംബ്ലി, പോപ്പറ്റ് ഷോ, ഇംഗ്ലീഷ് ലാബ്<br>• പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി പോപ്പറ്റ് ഷോ, സ്കിറ്റ്, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | • ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>• ശനിയാഴ്ചകൾ, ക്യാമ്പ് |
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | • ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>• കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>• പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദന സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>• Book Review<br>• രചനകളുടെ പ്രദർശനം (മാഗസീൻ) | • ക്ലാസ്സ് പ്രവർത്തനങ്ങൾ<br>• വെക്കേഷൻ, ശനിയാഴ്ചകൾ<br>• വർഷത്തിൽ രണ്ട് പ്രാവശ്യം |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | • പ്രശസ്ത എഴുത്തുകാർ, നിരൂപകൾ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവ നടത്തുന്നു<br>• ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | • വെക്കേഷൻ (ഓണം, ക്രിസ്മസ്)<br>• അക്കാദമിക വർഷത്തിൽ ഒന്ന് |
| 7) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | • Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു<br>• ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | • ശനിയാഴ്ചകൾ/ വെക്കേഷൻ<br>• അക്കാദമിക വർഷം രണ്ട് തവണ |

# ഇംഗ്ലീഷ് - യു.പി

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1) ഇംഗ്ലീഷ് ഭാഷ കൂടുതലായി കേൾക്കാനുള്ള അവസരം ഉണ്ടാക്കൽ, കൂടുതലായി സംസാരിക്കാൻ കഴിവുണ്ടാക്കൽ | **Listening**<br>• ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.<br>• ഇംഗ്ലീഷ് വാർത്ത കേൾപ്പിക്കുന്നു.<br>• ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നവരുമായി ആശയവിനിമയത്തിന് അവസരം ഉണ്ടാക്കുന്നു. | • അക്കാദമികവർഷം |
| 2) ഭാഷ അനായാസമായി സംസാരിക്കാൻ കഴിവുണ്ടാക്കുന്നു | **Speaking**<br>• ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു.<br>• ഇംഗ്ലീഷ് ക്ലബ്ബ് മീറ്റിംഗുകളിൽ ഭാഷയിലെ വിവിധ പരിപാടികൾ - പ്രസംഗം, റോൾ പ്ലേ, വിവരണം മുതലായവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | • അക്കാദമിക വർഷം |
| 3) വായന പരിശീലനം | **Reading**<br>• ഇംഗ്ലീഷ് ഭാഷയിലുള്ള പത്രവായന നടത്താൻ അവസരം നൽകുന്നു. മികച്ച വായനക്കാരെ കണ്ടെത്തുന്നു, പ്രോത്സാഹിപ്പിക്കുന്നു. ധാരാളം വായനാ കാർഡുകൾ തയ്യാറാക്കി നൽകുന്നു, വായിപ്പിക്കുന്നു.<br>• Readers Theatre സംഘടിപ്പുക്കുന്നു. | • അക്കാദമിക വർഷം |

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| 4) ഇംഗ്ലീഷ് ഭാഷ തെറ്റു കൂടാതെ എഴുതാൻ പ്രാപ്തരാക്കുന്നു. | **Writing**<br>• വിവിധ ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>• പസിലുകൾ, ഗെയിമുകൾ ഇംഗ്ലീഷിൽ എഴുതി അവതരിപ്പിക്കുന്നു.<br>• സ്വന്തം കലാസൃഷ്ടികൾ തയ്യാറാക്കി മാഗസിൻ നിർമ്മിക്കുന്നു.<br>• ഡിക്ഷനറി നിർമ്മാണം | • അക്കാദമിക വർഷം |
| 5) ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. | • പഠനോത്സവവുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിൽ പരിപാടികൾ<br>• അവതരിപ്പിക്കാൻ അവസരം നൽകുന്നു. | • അക്കാദമിക വർഷം |

# ഹിന്ദി - ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1) വായന പരിശീലന ത്തിന് പ്രാധാന്യം നൽകുന്നു. ഹിന്ദി ഭാഷ നന്നായി സംസാ രിക്കുവാനുള്ള ശേഷി വികസിപ്പിക്കുന്നു. | • ഓരോ പാഠഭാഗവും നന്നായി വായി ച്ച് അത് ഓഡിയോ രൂപത്തിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. വായനാ മത്സരം സംഘ ടിപ്പിക്കുന്നു. ഇടയ്ക്ക് പ്രസംഗമ ത്സരം നടത്തുന്നു. ക്ലാസിൽ പര സ്പരം ഹിന്ദി ഭാഷ സംസാരിക്കുവാ നായി പ്രേരിപ്പിക്കുന്നു. അതിനായി രണ്ടാഴ്ചയിലൊരിക്കൽ ചെറുകഥ, ലഘുപ്രസംഗം മുതലായവ നടത്തു ന്നു. | • ജൂൺ, ജൂലായ് |
| 2) ഹിന്ദിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്ക് പ്രത്യേക പിന്തുണ നൽകുന്നു. | • ഒഴിവ് സമയങ്ങളിൽ അവർക്ക് ചെറുവാക്യങ്ങൾ നൽകി അർത്ഥം പറയിപ്പിക്കുന്നു. സ്വന്തമായി വാക്യ ങ്ങൾ എഴുതുവാൻ ഖണ്ഡിക നൽകി ചെറുചോദ്യങ്ങൾ കൊടുത്ത് ഉത്തരം സ്വയം എഴുതുവാൻ പ്രാപ്തരാക്കുന്നു. വർക്ക് ഷീറ്റു കൾ നൽകുന്നു. | • ജൂലായ് , ഓഗസ്റ്റ് |
| 3) വാക്യഘടനാ പരിചയ പ്പെടുത്തുന്നു. വ്യാകര ണത്തിലെ നാമം, സർവ്വ നാമം, വിശേ ഷണം എന്നിവ മനസ്സി ലാക്കുവാനുള്ള അവ സരം ലഭ്യമാക്കുന്നു. | • ചാർട്ടുകളിൽ നിന്ന് നാമം, സർവ്വ നാമം, വിശേഷണം കണ്ടെത്തുവാൻ പറയുനനു. ഉദാഹരണങ്ങൾ ചാർട്ടിൽ എഴുതിയിടുന്നു. | • സെപ്തംബർ |
| 4) പോസ്റ്റർ തയ്യാറാക്കു വാൻ പ്രാപ്തരാക്കു ന്നു. | • മോഡലുകൾ നൽകി പരിചയപ്പെടു ത്തുന്നു. വിവിധ വിഷയങ്ങൾ കൊടുത്ത് തയ്യാറാക്കുന്നു. ക്ലാസിൽ പ്രദർശനം നടത്തുന്നു. | • |

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| 5) കഥവായിച്ച് ആശയം ഗ്രഹിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നു. | • ചെറിയ ചെറിയ കഥകൾ വായിക്കുവാൻ നൽകുന്നു. അർത്ഥങ്ങൾ പറഞ്ഞ് കൊടുക്കുന്നു. കഥ പൂരിപ്പിക്കുവാൻ കൊടുകകുനനു. | • ഓക്ടോബർ |
| 6) മുദ്രാവാക്യ നിർമ്മാണം പരിശീലിപ്പിക്കുന്നു. | • സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. സ്വന്തമായി വാക്യങ്ങൾ എഴുതുവാൻ സഹായിക്കുന്നു. | • നവംബർ |
| 7) അഭിനയകലയിൽ പ്രാവീണ്യം നേടുവാൻ പരിശീലിപ്പിക്കുന്നു. | • പാഠഭാഗത്തിലുള്ള നാടകം വായിച്ച് വേദിയിൽ അവതരിപ്പിക്കുന്നതിന് തയ്യാറാക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ ചെറിയ ചെറിയ വാക്യങ്ങൾ സ്വയം എഴുതുവാൻ സഹായിക്കുന്നു. | • ഡിസംബർ |
| 8) സാഹിത്യാഭിരുചി വളർത്തുക ഹിന്ദി വാരാഘോഷം, കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. | • പദ്യം ചൊല്ലൽ, പ്രസംഗം, കഥയെഴുത്ത് എന്നിവയിൽ പങ്കെടുക്കുന്നതിന് കുട്ടികളുടെ സർഗാത്മക കഴിവ് കണ്ടെത്തി അവരെ മികവിലേക്ക് നയിക്കുന്നു. | • ഡിസംബർ |
| 9) കഥയെ തിരക്കഥയാക്കി മാറ്റുവാനുള്ള ശേഷി വികസിപ്പിക്കുന്നു. | • കഥയുടെ സംഭാവങ്ങളെ ക്രമീകരിച്ച്, സന്ദർഭങ്ങൾ നൽകി, ദൃശ്യങ്ങളാക്കി തിരക്കഥ എഴുതുവാൻ സഹായിക്കുന്നു. | • ജനുവരി |
| 10) ബൾബ് നിർമ്മാണം വികസിപ്പിക്കുന്നു | • സിനിമകഥയെ ചുരുക്കി എഴുതുവാനുള്ള ശേഷി ഉണ്ടാക്കുന്നു. | • |
| 11) ഡയറി എഴുതുവാനറിയുന്നു. | • ഓരോ പാഠതതിലും വരുന്ന വ്യവഹാര രൂപങ്ങളിൽ നിന്ന് ഡയറി രൂപത്തിലാക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു. | • |

# യു.പി. ഹിന്ദി

അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും, സംസാരിക്കുവാനും, വായിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. ഹിന്ദി പഠനം ആരംഭിക്കുന്ന അഞ്ചിലെ കുട്ടികളെ അക്ഷരങ്ങളും ചിഹ്നങ്ങളും കൃത്യമായി ബോധ്യപ്പെടുത്തി അവരെ ഹിന്ദി ഭാഷയിലേക്ക് ആകർഷിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1. അക്ഷരം, ചിഹ്നം മുതലായവ തിരിച്ചറിയാൻ പരിശിലിപ്പിക്കുന്നു. | • അക്ഷരങ്ങളുടെ കാർഡ്, ചിഹ്നങ്ങളുടെ കാർഡ് എന്നിവ തയ്യാറാക്കി പരിചയപ്പെടുവാൻ അവസരം നൽകുന്നു. | • ജൂൺ |
| 2. ഉച്ചാരണത്തിന് ഊന്നൽ നൽകി ഹിന്ദി ഭാഷ സുഗമമായി സംസാരിക്കുവാനുള്ള ശേഷി വികസിപ്പിക്കുന്നു. | • ഓഡിയോ ക്ലിപ്പുകൾ കേൾക്കുവാനും, സ്വയമായി ഹിന്ദിയിൽ വാക്കുകൾ ഉച്ചരിക്കുവാനുള്ള അവസരങ്ങൾ ക്ലാസിൽ നൽകി അവരുടെ ശബ്ദം റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ഇടയ്ക്ക് വായന മത്സരം നടത്തുന്നു. | • ജൂലായ്. |
| 3. ഹിന്ദി ഭാഷയിലുള്ള സംഖ്യാബോധം പരിശീലിപ്പിക്കുന്നു. | • ആഴ്ചയിൽ രണ്ട് ദിവസം കുട്ടികളെ കൊണ്ട് എണ്ണം പറയിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്യുന്നു. | • ഓഗസ്റ്റ് |
| 4. വിശേഷ ദിവസങ്ങളെ സംബന്ധിച്ച കലണ്ടർ തയ്യാറാക്കുന്നു | • കുട്ടികൾക്ക് സ്വതന്ത്രമായി എഴുതുവാനും ഹിന്ദിയിൽ രുചി വർദ്ധിപ്പിക്കുവാനും ചാർട്ട് നൽകി അദ്ധ്യാപികയുടെ സഹായത്തോടെ കലണ്ടർ നിർമ്മാണം നടത്തുന്നു | • ഓഗസ്റ്റ് |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 5. ഹിന്ദി കഥകൾ വായിച്ച് അർത്ഥം മനസ്സിലാക്കൽ | • അതിനായി ചെറുകഥകൾ നലകി അതിന്റെ ആസ്വാദനം എഴുതുവാൻ പ്രേരണ നൽകുന്നു. വായിച്ച ഭാഗങ്ങളിൽ നിന്ന് ചെറിയ ഖണ്ഡിക കേട്ടെഴുത്ത് എടുക്കുന്നു | • സെപ്റ്റംബർ മുതൽ |
| 6. ചിത്രകഥ, കവിത ആശയം ഉറപ്പിക്കൽ | • ചിത്രം മനസ്സിലാക്കി ആശയം ഗ്രഹിക്കുന്നതിനായി കോമിക് ബുക്കുകൾ നൽകി അർത്ഥം മനസ്സിലാക്കുവാൻ ആവശ്യമായ സഹായം നൽകുന്നു | • ജനുവരി വരെ |
| 7. വാക്യ നിർമ്മാണം വികസിപ്പിക്കുവാൻ പരിശീലനം നൽകുന്നു | • ചെറിയ ഖണ്ഡിക വായിച്ച് അർത്ഥവും ആശയവും ഗ്രഹിക്കുവാൻ അവസരം നൽകുന്നു. ചെറിയ വിഷയങ്ങൾ നൽകി ഖണ്ഡിക എഴുതുവാൻ അവസം നൽകുന്നു. | • |

# മേഖല - ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | • കൈതാങ്ങ് പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ ലിസ്റ്റിലുള്ള കുട്ടികൾക്ക് മുന്നാക്കാം നൽകുന്ന കുട്ടികളുമായി ചേർന്ന് പഠന പിന്തുണ നൽകൽ | • ജൂൺ അക്കാദമിക വർഷം മുഴുവൻ |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | • ജ്യാമിതിപ്പെട്ടി എല്ലാകുട്ടികൾക്കും ലഭ്യമാക്കൽ, ശില്പശാല | • ജൂലായ് |
| 3. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന രൂപങ്ങൾ, അളവുകൾ എന്നിവ പരിചയപ്പെടൽ | • ഗണിത ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ശില്പശാലകൾ | • ആഗസ്റ്റ് |
| 4. ഗണിത മത്സരവേദിയിലേക്ക് | • ഗണിതശാസ്ത്ര മേളയിലെ മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഗണിതക്ലബിന്റെ ആഭിമുഖ്യത്തിൽ ഗണിത മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | • സെപ്തംബർ/ ഒക്ടോബർ |
| 5. ഗണിതവും തൊഴിലും ബന്ധം പരിചയപ്പെടൽ | • ഗണിതം ഉപയോഗിക്കുന്ന തൊഴിലുകൾ ചെയ്യുന്നവരെ കുട്ടികൾക്ക് പരിചയപ്പെടുത്തി നിത്യ ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | • നവംബർ |
| 6. വർക്ക്ഷീറ്റ് നിർമ്മാണം | • ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കുട്ടികളെ കൊണ്ടു തന്നെ തയ്യാറാക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുക | • അക്കാദമിക വർഷം മുഴുവൻ |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 7. ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധി പ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെ ടൽ | • ഫീൽഡ് ട്രിപ്പ് സംഘടിപ്പി ക്കുന്നു | • ജനുവരി |
| 8. ഉൾച്ചേർന്ന വിദ്യാ ഭ്യാസം ഭിന്നശേഷി കുട്ടികൾക്കായി ഐ. സി.ടി. സഹായ ത്തോടെ പ്രത്യേക പഠ നതന്ത്രങ്ങൾ ആവി ഷ്കരിക്കുക | • ഭിന്നശേഷികുട്ടികൾക്കു വേണ്ട പഠനവിഭവങ്ങൾ പ്രത്യേകമായി സ്പെഷ്യൽ എഡ്യുക്കേറ്ററുമായി ചേർന്ന് തയ്യാറാക്കി കുട്ടികളെ അക്കാദമിക പ്രവർത്തനങ്ങ ളിൽ ഉൾപ്പെടുത്തൽ | • ആക്കാദമിക വർഷം മുഴുവൻ |
| 9. കലാകായിക പ്രവൃത്തി പരിചയവു മായി ബന്ധിപ്പിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നു | • ഗണിതോത്സവം എല്ലാ വിഷയ ങ്ങളുമായി ഗണിതത്തിനുള്ള ബന്ധം മനസ്സിലാക്കുന്നതിനും ആശയങ്ങൾ ഉറപ്പിക്കുന്ന തിനുമായി ഗണിതോത്സവം സംഘടിപ്പിക്കുന്നു | • ഫെബ്രുവരി |
| 10. ഗണിതലാബ് നവീക രണം | • ഗണിത മോഡലുകൾ, ത്രിമാന ചിത്രങ്ങൾമറ്റ് പഠനോപകരണ ങ്ങൾ കണ്ടെത്തി ലാബ് നവീക രിക്കുന്നു. | • ഏപ്രിൽ/ മേയ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ : യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1. പഠനവിടവ് ഇല്ലാതാക്കുന്നു. അടിസ്ഥാന ക്രിയകൾ എല്ലാവർക്കും ഉറപ്പാക്കൽ | • ചെറിയ കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു. | • ജൂൺ |
| 2. ഗണിതത്തിലെ പിന്നോക്കക്കാരെ കണ്ടെത്തി മുന്നിലെത്തിക്കൽ | **ഗണിതഗ്രൂപ്പുകൾ**<br>• ഓരോ ക്ലാസ്സിലെ തന്നെ വിവിധ തരക്കാരെ ഗ്രൂപ്പാക്കി സമർഥരായ കുട്ടികൾ പിന്നോക്കക്കാർക്ക് പിന്തുണ നൽകുന്നു. | • ജൂൺ / ഓഗസ്റ്റ് |
| 3. പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പഠനരീതി ഉറപ്പാക്കൽ | **ഗണിത ലാബ്**<br>• ലാബ് പ്രവർത്തന രീതിയിൽ പഠനം പ്രവർത്തനാധിഷ്ഠിതമാക്കി തീർക്കുന്നു.<br>• പഠനോപകരണങ്ങൾ സ്വയം നിർമിക്കുന്നു, ചാർട്ടുകൾ, രൂപങ്ങൾ നിർമിക്കൽ | • അക്കാദമിക വർഷം ആവശ്യമായ സമയം |
| 4. ഗണിതത്തിൽ താലപര്യം വർധിപ്പിക്കൽ | **ഗണിത ക്ലബ്ബ്**<br>• ഗണിത ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സജീവ പങ്കാളിത്തം ഉറപ്പാക്കി, ഗണിത കേളികൾ, ക്വിസ്മത്സരങ്ങൾ, ഗണിത മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• ഗണിത മേള സംഘടിപ്പിക്കുന്നു.<br>• ഗണിത മാഗസിൻ തയ്യാറാക്കുന്നു.<br>• ഗണിത അസംബ്ലി നടത്തുന്നു. | • മാസത്തിൽ രണ്ട്<br>• ഒക്ടോബർ / നവംബർ വർഷത്തിൽ ഒന്ന്<br>• ആഴ്ചയിൽ ഒന്ന് |
| 5. വർക്ക് ഷീറ്റ് നിർമാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കുട്ടികളെകൊണ്ടു തന്നെ തയ്യാറാക്കുന്നു. | • അക്കാദമിക വർഷം മുഴുവൻ |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 6. ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **<u>IT സാധ്യതകൾ</u>**<br>അതതു ക്ലാസ്സിലെ ശേഷികൾക്ക് അനുസരിച്ച് പ്രവർത്തനങ്ങൾ ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തി താല്പര്യം ഉണ്ടാക്കുന്നു. | • തുടർ പ്രവർത്തനം |
| 7. കലാവിദ്യാഭ്യാസം, പ്രവൃത്തി പരിചയം തുടങ്ങിയവയുമായി ബന്ധപ്പെട്ട പഠനത്തിൽ ഗണിത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ഉറപ്പിക്കൽ | ഗണിതോത്സവം<br>• ഗണിതോത്സവം സംഘടിപ്പിക്കുന്നു.<br>• കലാ, പ്രവൃത്തിപരിചയം എന്നിവയുടെ പഠനത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. | • കൊല്ലത്തിൽ ഒന്ന് ഫെബ്രുവരി. |

# സയൻസ്- ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1. പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപ കരണ നിർമ്മാണം | **<u>ശാസ്ത്ര വിസ്മയം</u>**<br>• പാഴ് വസ്തുക്കൾ ഉപയോഗ പ്പെടുത്തി പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ ങ്ങൾ നിർമ്മിക്കുന്നു. | • അക്കാദമിക വർഷം |
| 2. ആനുകാലികങ്ങളിൽ വരുന്ന ശാസ്ത്ര വാർത്തകളെ പരിചയ പെടൽ | **<u>അറിവിന്റെ വാതായനങ്ങൾ</u>**<br>• ആനുകാലിക വാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സം സംഘടിപ്പിക്കൽ | • അക്കാദമിക വർഷം |
| 3. ശാസ്ത്ര വിഷയത്തിൽ താൽപര്യം ജനിപ്പി ക്കുക യുക്തിചിന്ത വളർത്തുക | **<u>ലിറ്റിൽ സയന്റിസ്റ്റ്</u>**<br>• തെരെഞ്ഞെടുത്ത വിദ്യാർഥിക ളുടെ നേതൃത്വത്തിൽ നിത്യ ജീവിതവുമായി ബന്ധപ്പെട്ട പരീ ക്ഷണങ്ങൾ അവതരിപ്പിക്കുക | • അക്കാദമിക വർഷം |
| 4. ശാസ്ത്ര വിഷയത്തിൽ താൽപര്യം ജനിപ്പി ക്കൽ | **<u>ശാസ്ത്രം കലകളിലൂടെ</u>**<br>ശാസ്ത്രവുമായി ബന്ധപ്പെടുത്തി ഗാനം, നൃത്തം, നാടകം അവത രണം | • അക്കാദമിക വർഷം |
| 5. ശാസ്ത്രാവബോധം വളർത്തൽ, യുക്തി ചിന്ത മൂല്യബോധം വളർത്തൽ | **<u>ശാസ്ത്രാന്വേഷണം</u>**<br>മൊബൈൽ ഉപയോഗം കുട്ടിക ളുടെ ശാരീരിക മാനസിക നില കളെ എങ്ങനെ ബാധിക്കുന്നു. - സർവ്വെ | • അക്കാദമിക വർഷം |
| 6. നിരീക്ഷണപാടവം, ശാസത്ര താൽപര്യം, അന്വേഷണതൃഷ്ണ വളർത്തൽ | **<u>ഫീൽഡ് ട്രിപ്പ്</u>**<br>വിവിധ ശാസ്ത്ര തത്വങ്ങൾ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ പരിചയപ്പെടുന്നതിന് പഠനയാത്ര കൾ സംഘടിപ്പിക്കുക | • അക്കാദമിക വർഷം |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 7. സസ്യസംരക്ഷണം, വിഷരഹിത പച്ചക്കറി ഉൽപ്പാദനം, ജൈവ കൃഷിരീതി പരിചയപ്പെടൽ | **ഹരിതാങ്കണം** വിവിധ പച്ചക്കറി, ഔഷധ സസ്യങ്ങൾ നട്ടുപരിപാലിക്കുന്നു | • അക്കാദമിക വർഷം |
| 8. ജൈവവളങ്ങൾ നിർമ്മിക്കൽ പ്രകൃതി സംരക്ഷണം | **ജൈവാമൃതം ജീവാമൃതം** ഭക്ഷണ, ജൈവ അവശിഷ്ടങ്ങളിൽ നിന്ന് ജൈവ വള നിർമ്മാണം | • അക്കാദമിക വർഷം |
| 9. ശാസ്ത്രീയ മനോഭാവം | **ശാസ്ത്ര പ്രദർശനം** വിവിധ ശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുക | • അക്കാദമിക വർഷം |
| 10. ആരോഗ്യം, ശുചിത്വം ബോധവൽക്കരണം സാമൂഹ്യബോധം വളർത്തൽ | **ആരോഗ്യാമൃതം** ആരോഗ്യമുള്ള പുതു തലമുറ സൃഷ്ടിക്കുക, ശുചിത്വ സുന്ദരവീട്, സ്കൂൾ, സമൂഹം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ബോധവൽക്കരണ ക്ലാസ്സ്, ക്യാമ്പുകൾ സംഘടിപ്പിക്കൽ, യോഗ പരിശീലനം | • അക്കാദമിക വർഷം |
| 11. ലഹരിക്കെതിരെ ബോധവൽക്കരണം | **ജീവിതമാണ് ലഹരി** മയക്കു മരുന്നിന്റെ ഉപയോഗം മാരകമായ വിപത്തായി മാറിയിരിക്കുന്ന കാലഘട്ടത്തിൽ, ലഹരിക്കെതിരെയുള്ള വിവിധ പ്രവർത്തനങ്ങൾ | • അക്കാദമിക വർഷം |

# സയൻസ്- യു പി

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 1. പ്രകൃതിയും പരിസ്ഥിതിയും പരിചയപ്പെടുത്തൽ ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്**<br>• ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം<br>**കണ്ടറിയാനൊരു യാത്ര**<br>• വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം | • അധ്യയന വർഷം<br>• അധ്യയന വർഷം |
| 2. ശാസ്ത്രീയ മനോഭാവം വളർത്തുക, അനുഭവ പരമായ പഠനം പ്രോൽസാഹിപ്പിക്കുക. കണ്ടെത്തലും നിരീക്ഷണവും അധിഷ്ഠിതമായ അറിവ് വളർത്തുക | **പരീക്ഷണ കളരി**<br>• നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ക്ലാസ്സുകൾ ആരംഭിക്കുന്നു.<br>• പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br>• ശാസ്ത്രപ്രക്രിയശേഷി വികസിപ്പിക്കുക. ശാസ്ത്രീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക<br>**മാസ്റ്റർമൈന്റ്**<br>• ഊർജ്ജക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി | • അധ്യയന വർഷം<br>• അധ്യയന വർഷം |

| | | |
|---|---|---|
| | റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>**<u>എക്സ്പോ – എക്സ്പ്ലോർ</u>**<br>• ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>**<u>ശാസ്ത്രവിസ്മയ ചുമർ</u>**<br>• ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. ക്ലാസ്സിൽ ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. | • അധ്യയന വർഷം<br><br>• അധ്യയന വർഷം |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **<u>വിസ്മയ യാത്ര</u>**<br>• ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | • അക്കാദമിക വർഷം |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| 1. അടിസ്ഥാന തലത്തിലുള്ള അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ അറിവ് ഊട്ടിയുറപ്പിക്കൽ | **<u>കളിയും കാര്യവും</u>**<br>● സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഓരോ പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു.<br>**<u>ഓർമ്മക്കുടുക്ക</u>**<br>● അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി കാർഡുകൾ ഉപയോഗിച്ചും, ICT ഉപയോഗിച്ചും മെമ്മറി ടെസ്റ്റ് നടത്തുന്നു. | ● അക്കാദമിക വർഷാരംഭം (ജൂൺ)<br>● അക്കാദമിക വർഷാരംഭം (ജൂൺ) |
| 2. പഠിതാക്കളെ ചരിത്രത്തിൽ അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **<u>വെർച്വൽ ഫീൽഡ് ട്രിപ്പ്</u>**<br>● ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ● അക്കാദമിക വർഷാരംഭം |
| 3. ജനാധിപത്യപരമായ മൂല്യവും ജീവിത സമീപനവും രൂപപ്പെടുത്തുക | **<u>ജനാധിപത്യം : കുട്ടികൾ കുഞ്ഞറിവുകൾ</u>**<br>● ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ● അക്കാദമികവർഷം |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മരാക്കുന്നു | **<u>പ്രകൃതി ശക്തിഃ നേർക്കാഴ്ച</u>**<br>• ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും, Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ പഠിതാക്കളെ ബോധവാന്മാ/വതികൾ ആക്കുകയും ചെയ്യുന്നു. | • അക്കാദമിക വർഷം |
| 5. ലോകരാജ്യങ്ങളെക്കുറിച്ച് പൊതുവായ ധാരണ രൂപപ്പെടുത്തൽ | **<u>ഭൂപടനിരീക്ഷണം</u>**<br>• ലോകഭൂപടം വിവിധ മാർഗങ്ങളിലൂടെ (കാർഡ്, ICT, ഭൂപടം പ്രിന്റ്) പരിചയപ്പെടുത്തി വിവിധ രാജ്യങ്ങൾ തിരിച്ചറിയുവാനും, അവയുടെ ഭൂപടത്തിലെ സ്ഥാനം മനസ്സിൽ ഉറപ്പിക്കുവാനും വേണ്ടതായ പ്രവർത്തനങ്ങൾ ചെയ്യുന്നു. | • അക്കാദമിക വർഷം |
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധമുള്ളവരാക്കുന്നു. | **<u>പൊട്ടിച്ചെറിയാം സൈബർ കെണികൾ</u>**<br>• സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ, സൈബർ ലോകത്തെ പെരുമാറ്റം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | • അക്കാദമിക വർഷം |

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| 7. പരിസ്ഥിതിയെയും സുസ്ഥിര വികസനത്തെയുംപറ്റി കാഴ്ചപ്പാട് രൂപപ്പെടുന്നു. | **<u>കാടും മേടും കാട്ടാറുകളും</u>**<br>• പരിസ്ഥിതിക്ക് കോട്ടം വരുന്ന രീതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ, പരിസ്ഥിതിയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഇവയെ ആസ്പദമാക്കി വീഡിയോകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | • അക്കാദമിക വർഷം |
| 8. മനുഷ്യനും ആഹാരവും തമ്മിലുള്ള, പ്രാധാന്യമുള്ള ബന്ധുവും, വിവിധ ആഹാരശീലങ്ങളും, സംസ്ക്കാരങ്ങളും രൂപപ്പെടുന്നതിൽ അത് വഹിച്ച പങ്കും മനസ്സിലാക്കുന്നു. | **<u>ഭക്ഷ്യമേള</u>**<br>• നാടൻ വിഭവങ്ങൾ, പോഷക പ്രാധാന്യമായ വിഭവങ്ങൾ തുടങ്ങിയ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | • അക്കാദമിക വർഷം |